കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആസ്തി വികസനം - മഞ്ചേരി നിയോജകമണ്ഡലം - ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.3369/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 24.10.2017.

---

വായന :-

1) സ.ഉ. (അച്ചടി) 332/12/ധന തീയതി 11/06/2012
2) സർക്കുലർ നം 54/14/ധന തീയതി 3/6/2014
3) സിൽക്ക് സീനിയർ മാനേജരുടെ (കമേഴ് സ്യൽ) 29/08/2017 ലെ സിൽക്ക്/45/സിഐ/ക്യൂഎസ് എഫ് /സിഡി/138 എ/2017-18/738 നമ്പർ കത്ത്
4) അഡ്വ എം.ഉമ്മർ എം.എൽ.എ യുടെ 31.08.2017 ലെ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എം.ഉമ്മർ എം.എൽഎ.യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും മഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 1,19,98,800/- രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സിൽക്ക് സീനിയർ മാനേജർ മൂന്നാമതായി വായിച്ച കത്തു പ്രകാരം ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അഡ്വ.എം.ഉമ്മർ എം.എൽഎ.യുടെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും മഞ്ചേരി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 1,19,98,800/- രൂപയുടെ(ഒരു കോടി പത്തൊൽപതു ലക്ഷത്തി തൊണ്ണൂറ്റി എണ്ണായിരത്തി എണ്ണൂറ് രൂപ മാത്രം), എസ്റ്റിമേറ്റിന് വകുപ്പു സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ .ഡി . എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ടി പ്രവൃത്തി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് മുഖേന നിർവ്വഹണം നടത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

അഡ്വ എം.ഉമ്മർ എം.എൽ.എ (ആമുഖ കത്ത് സഹിതം)
സീനിയർ മാനേജർ (കൊമേഴ്സ്യൽ), സിൽക്ക്, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
സെക്രട്ടറി, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത് നം. 550/എൻ.സി.സി.1/2017/ധന
തീയതി 06.10.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ